ലിൽ 66 റീഡർമാർ ഉള്ളതിൽ ഒരാൾ പോലും ഷെഡ്യൂൾഡ് കാസ്റ്റോ ഷെഡ്യൂൾഡ് ട്രൈബോ ഇല്ല. ഒ. ബി. സി. മൂന്നുപേർ ഉണ്ട്. അത് മെറിറ്റിൽ വന്നിട്ടുള്ളതാണ്. 950–1150 രൂപാ സ്കെയിലിൽ 3 ഡെപ്യൂട്ടി രജിസ്ട്രാർമാർ ഉള്ളതിൽ ഷെഡ്യൂൾഡ് കാസ്റ്റോ ഷെഡ്യൂൾഡ് ട്രൈബോ ആയി ആരേയും നിയമിച്ചിട്ടില്ല. 710–1200 രൂപാ സ്കെയിലിൽ 28 അസിസ്റ്റന്റ് രജിസ്ട്രാർമാർ ഉണ്ട്. അതിൽ 2 ഒ. ബി. സി. മാത്രമാണുള്ളത്. 495–835 രൂപാ സ്കെയിലിൽ ഒസക് ഷൻ ഓഫീസേഴ്സ് 130 പേരുണ്ട്. അതിൽ ഒരു ഷെഡ്യൂൾഡ് കാസ്റ്റുണ്ട്. ഒ. ബി. സി. അഞ്ചുപേരുണ്ട്. അങ്ങനെ യൂണിവേഴ്സിറ്റിയിലെ എല്ലാ നിയമനങ്ങൾക്കും യോഗ്യതയുള്ള ഹരിജനങ്ങളും മറ്റ് പിന്നോക്കസമുദായക്കാരും ഉണ്ടായിട്ടും അവർക്ക് കൊടുക്കാതെ മറ്റുള്ള ആളുകൾക്ക് കൊടുക്കുന്നതിനുവേണ്ടി ഒരു പ്രത്യേക ലോബി കേരളാ യൂണിവേഴ്സിറ്റിയിൽ പ്രവർത്തിക്കുന്നുണ്ടെന്ന് ഞാൻ പറയുകയാണ്. അതിനുപറ്റിയായി കൊച്ചിൻ യൂണിവേഴ്സിറ്റിയിലെ പൊളിറ്റിക്സ് ഡിപ്പാർട്ടുമെന്റിലെ ലെക്ചറർ ആയിരുന്ന സെബാസ്റ്റ്യനെ കേരളാ യൂണിവേഴ്സിറ്റിയിൽ റിസിറ്റിംഗ് പ്രൊഫസറായി നിയമിച്ചു കഴിഞ്ഞു. അദ്ദേഹം ഒരു സ്വകാര്യ സ്ഥാപനമായ ലാ അക്കാദമിയിൽ താമസിച്ച്, അവിടെ പഠിച്ചു കേരളായൂണിവേഴ്സിറ്റിയിൽനിന്ന് ശമ്പളം വാങ്ങിക്കുകയാണ്. ഇത്തരത്തിൽ നഗ്നമായ അഴിമതികളും, അധികാര ദുർവിനിയോഗം ഇതെല്ലാം കേരള സർവ്വകലാശാലയിൽ നടന്നുകൊണ്ടിരിക്കുകയാണ്. ഇതിനെ നിയന്ത്രിക്കാൻ കേരള സർക്കാരിന് അധികാരം ഇല്ലെന്നുപറഞ്ഞ് ഒരു അനങ്ങാപ്പാറനയം സ്വീകരിക്കുന്നത് ശരിയല്ലെന്ന് മാത്രമേ ഞാൻ പറയുന്നുള്ളൂ. വിദ്യാർത്ഥികളുടേയും അദ്ധ്യാപകരുടേയും രക്ഷകർത്താക്കളുടേയും ഇടയിൽ ഉയർന്നുവന്നിരിക്കുന്ന ഇത്തരം ആരോപണങ്ങളും പരിശോധിക്കുന്നതിനും യൂണിവേഴ്സിറ്റിയുടെ മേൽ ശക്തമായ ഒരു നിയന്ത്രണം ഏർപ്പെടുത്തുന്നതിനും ഗവൺമെന്റ് മുന്നോട്ട് വരണമെന്നും യൂണിവേഴ്സിറ്റിയിൽ നടന്നിട്ടുള്ള ഇത്തരം അഴിമതികളെക്കുറിച്ച് അന്വേഷിക്കുന്നതിന് യൂണിവേഴ്സിറ്റി ആക്ടിലെ വ്യവസ്ഥകൾക്ക് അനുസരണമായി ഒരു ജുഡീഷ്യൽ അന്വേഷണം ഏർപ്പെടുത്തണമെന്നും പറഞ്ഞുകൊണ്ട് ഞാൻ ഈ ബില്ലിനെ അനുകൂലിക്കുന്നു.

VI. 8-3-1979-ലെ 369-ാം നമ്പർ ചോദ്യത്തിനു നൽകിയ ഉത്തരത്തിന് മരാമത്തും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. കെ. പങ്കജാക്ഷന്റെ തിരുത്ത്

മരാമത്തും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. കെ. പങ്കജാക്ഷൻ): സർ, എനിക്ക് ഒരു തിരുത്ത് ഈ സഭയിൽ നൽകുന്നതിന് അവസരം നൽകിക്കൊണ്ടുള്ള ബഹുമാനപ്പെട്ട സ്പീക്കറുടെ ഒരു അറിയിപ്പുണ്ടായിരുന്നു. അന്ന് എന്നെ വിളിച്ചുമില്ല. ഇന്നിയും വൈകിക്കാതെ ഈ സഭയിൽ ആ തെറ്റു തിരുത്തുന്നതിന് ഞാനുദ്ദേശിക്കുന്നു. ഈ മാസം 8-ാം തീയതി ഈ നിയമ സഭയിൽ സിവിൽ സപ്ലൈസിനെപ്പറ്റിയുള്ള 369-ാം നമ്പർ ചോദ്യത്തിനു മറുപടിപറയവെ ആലപ്പുഴ ജില്ലയിൽ രണ്ടു ബ്ലോക്കുകളുടെ പണി തീർന്നു കഴിഞ്ഞുവെന്നും മൂന്നാമത്തെ ബ്ലോക്കിന് ഭരണാനുമതി നൽകിക്കഴിഞ്ഞിട്ടുണ്ടെന്നും പറയുകയുണ്ടായി. അത് പിശകാണ്. ആലപ്പുഴയിലെ സിവിൽ സപ്ലൈസിന്റെ ഒരു ബ്ലോക്കിന്റെ പണി മാത്രമേ പൂർത്തിയായിട്ടുള്ളൂ. രണ്ടാമത്തെ ബ്ലോക്കിന് ഭരണാനുമതി നൽകിക്കഴിഞ്ഞു. മറുപടിയിൽ ഇപ്രകാരമൊരു തെറ്റുപറ്റിയതിൽ ഖേദമുണ്ട്. ഈ തെറ്റ് ക്ഷമിക്കണമെന്ന് ഞാൻ സഭയോട് അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly